**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6054** **09-11-2021 - ൽ മറുപടിയ്ക്ക്**

**ജനജാഗ്രതാ സമിതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യ - വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്, നഗരസഭാ തലങ്ങളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടോയെന്നറിയിക്കാമോ; | (എ) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ തദ്ദേശീയരും ജനപ്രതിനിധികളും വന ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ സ.ഉ. (സാധാ)നം.51/2017/വനം തീയതി 07-02-2017 പ്രകാരം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ 246 ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) | ജനജാഗ്രതാ സമിതികൾ അവസാനമായി പുന:സംഘടിപ്പിച്ചത് ഏത് വർഷമാണെന്നറിയിക്കാമോ; പുതിയ ജനജാഗ്രതാ സമിതികൾ രൂപീകരിക്കാൻ ഉത്തരവിറക്കിയോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ജനജാഗ്രതാ സമിതികൾ സ.ഉ. (സാധാ)നം.51/2017/വനം തീയതി 07-02-2017 പ്രകാരം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. മേൽ ഉത്തരവിനുശേഷം പുതിയ ജനജാഗ്രതാ സമിതികൾ രൂപീകരിക്കാൻ ഉത്തരവ് ഇറക്കിയിട്ടില്ല. |
| (സി) | തദ്ദേശസ്വയംഭരണതല ജനജാഗ്രതാ സമിതികളുടെ ഉത്തരവാദിത്തങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; സമിതികളുടെ പ്രവർത്തനത്തിനാവശ്യമായ തുക എങ്ങനെയാണ് കണ്ടെത്തേണ്ടതെന്നും അറിയിക്കാമോ; | (സി) | ജനജാഗ്രതാ സമിതികളുടെ ഉത്തരവാദിത്വങ്ങളും കടമകളും ചുവടെ ചേർക്കുന്നു. 1. വന്യജീവി ആക്രമണം ഉണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുക. 2. പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക. 3. അടിയന്തിര സാഹചര്യങ്ങളിലും അല്ലാത്ത പക്ഷം ചുരുങ്ങിയത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം കൂടി വേണ്ട ശുപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുക. 4. നിലവിൽ നിർമ്മിച്ചിട്ടുള്ള പ്രതിരോധ മാർഗ്ഗങ്ങളായ സൗരോർജ്ജകമ്പി വേലി, കിടങ്ങ്, മതിൽ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മറ്റിയിൽ ചർച്ചചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക. 5. വന്യജീവി ആക്രമണം ഉണ്ടാകുന്ന പക്ഷം എത്രയും പെട്ടെന്ന് |

| | | | |
|---|---|---|---|
| | | | സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക. 6. വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി ചെയ്യുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വകുപ്പിന്റെ നടപടികളിൽ പങ്കാളികളാകുക. 7. വന്യജീവികൾ കാടിന് പുറത്തേയ്ക്ക് വരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനം കുറ്റമറ്റരീതിയിലുള്ള താണെന്ന് ഉറപ്പ് വരുത്തുക. 8. സമിതികളുടെ ചർച്ചകൾ കൃത്യമായും മിനിറ്റ്സ് ചെയ്യേണ്ടതാണ്. ടി മിനിറ്റ്സ് വർഷത്തിൽ രണ്ടു തവണ ഡിവിഷണൽ ഫോറസ്റ്റാഫീസർ പരിശോധിക്കേണ്ടതും, പരിശോധനാ റിപ്പോർട്ട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാന്റ് & റിസോഴ്സസ്)ക്ക് തുടർ നടപടികൾക്കായി സമർപ്പിക്കേണ്ടതുമാണ്. 9. അവശ്യം വേണ്ട സാഹചര്യത്തിൽ കമ്മിറ്റിയ്ക്ക് വനം വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്. 10. സമിതിയുടെ ഒരു നടപടിക്രമങ്ങളും നിലവിലുള്ള ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റി / വന സംരക്ഷണ സമിതി പ്രവർത്തനങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്നതല്ല. സമിതിയോഗം വിളിക്കുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്ക് വേണ്ട തുക അതാതു ഡിവിഷനിലെ 2406-01-101-81-ഫോറസ്റ്റ് പ്രൊട്ടക്ഷൻ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്താവുന്നതാണ്. |
| (ഡി) | നിലമ്പൂർ മണ്ഡലത്തിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ജനജാഗ്രതാ സമിതികൾ നിലവിലുള്ളതെന്നറിയിക്കാമോ? | (ഡി) | നിലമ്പൂർ മണ്ഡലത്തിൽ നിലമ്പൂർ നോർത്ത് ഡിവിഷന്റെ പരിധിയിൽ നിലമ്പൂർ നഗരസഭ, ചുങ്കത്തറ, എടക്കര, പോത്തുകല്ല്, വഴിക്കടവ് എന്നീ ഗ്രാമ പഞ്ചായത്തുകളിലും നിലമ്പൂർ സൗത്ത് ഡിവിഷന്റെ പരിധിയിൽ കരുളായി, മൂത്തേടം, അമരമ്പലം, ചോക്കാട് എന്നീ നാല് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമാണ് ജനജാഗ്രതാ സമിതികൾ നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ